**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **01-09-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് നോർക്കയിൽ നിന്നും സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നോർക്ക കേരള പ്രവാസി ക്ഷേമബോർഡ് വഴി മാത്രമാണോ സാമ്പത്തിക സഹായം നൽകാറുള്ളത്; മറ്റ പ്രവാസിസംഘടനകൾ, എൻ. .ജി. ഒ., ലോക കേരള സഭ അംഗങ്ങൾ എന്നിവ മുഖേന സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ സംഘടനകൾ എന്നും കഴിഞ്ഞ മൂന്ന് വർഷ കാലയളവിനുള്ളിൽ ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ വഴിയാണ് സാമ്പത്തിക സഹായം നൽകുന്നത്. മറ്റ പ്രവാസിസംഘടനകൾ, എൻ.ജി.ഒ., ലോക കേരള സഭ അംഗങ്ങൾ എന്നിവ മുഖേന സാമ്പത്തിക സഹായം നൽകുന്നില്ല. |
| (ബി) | വിദേശരാജ്യങ്ങളിലുള്ള പ്രവാസി മലയാളികൾക്ക് കോവിഡ് വാക്സിൻ നൽകുന്നതിന് നോർക്ക ഏതെങ്കിലും സംഘടനയുമായി സംയോജിച്ചോ സ്വന്തം നിലയിലോ വിദേശത്തോ സ്വദേശത്തോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോ; വെളിപ്പെടുത്താമോ; | (ബി) | പ്രവാസി മലയാളികൾക്ക് തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിന് സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് മുഖേന വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. |
| (സി) | നോർക്ക കാർഡ്, പ്രവാസി ക്ഷേമനിധി അംഗത്വം, സെമിനാറുകൾ, മറ്റ ക്യാമ്പയിനുകൾ എന്നിവ നടത്താൻ സ്വദേശത്തോ വിദേശത്തോ ഏതെങ്കിലും പ്രവാസി സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ ഏതൊക്ക സംഘടനകൾ മുഖേനയാണ് തുക നൽകിയെതെന്നും കഴിഞ്ഞ 5 വർഷക്കാലയളവിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ ഏതെങ്കിലും പ്രവാസി സംഘടനകൾക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; വിശദമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ